സംസ്ഥാന സ്കൂൾ കലോത്സവത്തിൽ എച്ച്എസ്എസ് മോണോ ആക്ടിൽ എ ഗ്രേഡ് നേടിയ അലീന അനബെല്ലിയുടെ പ്രകടനം. (ചാലക്കുടി കാർമൽ എച്ച്എസ്എസ്)

...തൃശൂർ പൂരം

കേരള സ്കൂൾ കലോത്സവം

കലയുടെ തൃശൂർ കൂട്ട്

ഹയർസെക്കൻഡറി വിഭാഗം നാടോടി നൃത്തത്തിൽ എ ഗ്രേഡ് നേടിയ തൃശൂർ പാവറട്ടി സെന്റ് ജോസഫ് എച്ച്എസ്എസിലെ ആർദ്ര എസ്. നായർ.

ഹൈസ്കൂൾ വിഭാഗം നാടോടിനൃത്തത്തിൽ എ ഗ്രേഡ് നേടിയ തൃശൂർ കരുവന്നൂർ സെന്റ് ജോസഫ് എച്ച്എസിലെ കൃഷ്ണേന്ദു കെ. മേനോൻ.

ഹൈസ്കൂൾ വിഭാഗം നാടോടിനൃത്തത്തിൽ എ ഗ്രേഡ് നേടിയ തൃശൂർ മറ്റത്തൂർ എസ്കെഎച്ച്എസിലെ എ.ഗായത്രി.

ഓറഞ്ച് മയം

തൃശൂർ ● അവസാന ദിനം കലോത്സവ നഗരി ഓറഞ്ച് വർണമണിഞ്ഞു. കാണികൾക്കു സമ്മാനം നേടാൻ അവസരം ഒരുക്കി മലയാള മനോരമ ജോളി സിൽക്സുമായി ചേർന്നു നടത്തിയ 'നിറം അണിയൂ, സമ്മാനം നേടൂ' മൽസരത്തിന്റെ ഭാഗമായി ഇന്നലെ ഓറഞ്ച് നിറമാണു നിർദേശിച്ചിരുന്നത്. വിജയികൾക്കു 2000 രൂപയുടെ ഗിഫ്റ്റ് വൗച്ചറാണു നൽകിയത്. അഞ്ചു ദിവസങ്ങളിലായി 75 പേർക്കു സമ്മാനം നൽകി.

മലയാള മനോരമ
JOLLY SILKS
THE DESTINATION OF SILKS
നിറം അണിയൂ സമ്മാനം നേടൂ

ഇന്നലത്തെ വിജയികൾ

1. അനിഷ രജീഷ്, നീതു സുമേഷ്, ആദിത്യൻ, ആര്യൻ- മാറ്റാംപുറം/ അത്താണി
2. ഹേമ ഉണ്ണിക്കൃഷ്ണൻ, പി.ആർദ്ര- പെരിങ്ങാവ്
3. ഐശ്വര്യ രജീഷ്, സുജാത രാമചന്ദ്രൻ, ആതിര, റിയാൻഷ്- അവിണിശേരി
4. ഗീത നാരായണൻകുട്ടി, ശകുന്തള, ശ്രാവൺ- പുങ്കുന്നം
5. ജിഷ രാജേഷ്, കെ.എസ്.അഞ്ജിമ- എൽത്തുരുത്ത്
6. മിനി റോയ്, ഏൻജൽ മേരി- മണലൂർ
7. ബെബിറ്റോ, ജിസ്മി- മാപ്രാണം
8. ഓമന മൂക്കൻ- നെല്ലങ്കര
9. വൽസല മോഹനൻ, ഐശ്വര്യ സന്ദീപ്- മരത്താക്കര
10. പി.എസ്.അർച്ചന, പി.ആർ.രസല, പി.എസ്.ആതിത- തൃശൂർ
11. ലിൻസി- അരിപ്പാലം
12. രൂപ ലിക്സൺ- കല്ലൂർ
13. ആൻസി- തലോർ
14. സുമി ദിലീപ്, സിജി, ഏദൽ- നെട്ടിശേരി
15. രജനി ജിജു, രചന വിനോദ്, എ.വി.ഇഷാൻ- പുങ്കുന്നം

സെൽഫി മത്സര വിജയികൾ

തൃശൂർ ● മലയാള മനോരമ ജോയ് ആലുക്കാസുമായി ചേർന്ന് നടത്തിയ കലോത്സ സെൽഫി മത്സരത്തിൽ അഞ്ചാം ദിവസത്തെ വിജയികൾ.

1. അക്ഷര പി.ജയകുമാർ, വള്ളിക്കാട്ടു വളപ്പിൽ, വെള്ളാനിക്കര. 2.എൻ.വി. അജയൻ, നെടുമ്പുള്ളി, വെള്ളാനി, ഇരിങ്ങാലക്കുട 3. സീന അരുൺ, വാകയിൽ,കൂർക്കഞ്ചേരി.

മലയാള മനോരമ
Joyalukkas
World's favourite jeweller
സെൽഫി കോൺടെസ്റ്റ്

ഹയർസെക്കൻഡറി വിഭാഗം മൂകാഭിനയത്തിൽ എ ഗ്രേഡ് നേടിയ മാള സെന്റ് ആന്റണീസ് എച്ച്എസ്എസ് സംഘം.

ദിൽഷാന ദിൽഷാദ് (എച്ച്എസ് മോണോആക്ട്, എസ്എച്ച് ഓഫ് എംസിജിഎച്ച്എസ് കണ്ടശാംകടവ്)

കെ.ജെ. ജീവൻ(എച്ച്എസ്എസ് ശാസ്ത്രീയസംഗീതം, വിബിഎച്ച്എസ്എസ് തൃശൂർ)

അഞ്ജന ബാബു (എച്ച്എസ്എസ് വയലിൻ വെസ്റ്റേൺ, ജിഎംബിഎച്ച്എസ്എസ് തൃശൂർ)

ടി.എഫ്.മുഹമ്മദ് ഇർഫാൻ (അറബി പദ്യപാരായണം- എച്ച്എസ്, സീതി സാഹിബ് സ്മാരക സ്കൂൾ അഴീക്കോട്).

ആരാണ് ആവർത്തന വിരസത ഇഷ്ടപ്പെടുന്നത്?

തൃശൂർ ലൈവാ... സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ഹൈസ്കൂൾ വിഭാഗം മിമിക്രി മത്സരം നടന്ന തൃശൂർ വിവേകോദയം എച്ച്എസ്എസിലെ സദസ്സിന്റെ തത്സമയദൃശ്യം സാമൂഹിക മാധ്യമത്തിലേക്ക് പകർത്തുന്നയാൾ.

തൃശൂർ ● ആരാണ് സന്തോഷം ആഗ്രഹിക്കാത്തത്? - തിയറ്ററുകളിൽ മലയാളി കേട്ടു പരിചയിച്ച ഈ ചോദ്യം ഹൈസ്കൂൾ വിഭാഗം മിമിക്രിയുടെ സദസ്സിൽ വന്നിരുന്നവരെല്ലാം ചോദിച്ചുപോയി. ഒന്നറിഞ്ഞു ചിരിക്കാൻ ആഗ്രഹിച്ച് മിമിക്രി കാണാനെത്തിയവരെ നിരാശരാക്കി പല പ്രകടനങ്ങളും. പുകവലിക്കെതിരായ വിളംബരം പലരും ആവർത്തിച്ചപ്പോൾ സദസിനതു വിരസമായി. 'ആരാണ് സന്തോഷം ആഗ്രഹിക്കാത്തത്?' എന്നു മത്സരാർഥികൾ ചോദിച്ച ചോദ്യം അവരും തിരിച്ചു ചോദിച്ചു.

ചിലയിടത്ത് സുപ്രഭാതം, ചിലയിടത്ത് ട്രെയിൻ ഓട്ടം എന്നിങ്ങനെയായിരുന്നു പലപ്പോഴും സദസ്സിന് അനുഭവപ്പെട്ടത്. പരമ്പരാഗതമായ സുപ്രഭാതം പൊട്ടിവിടരലിലും ട്രെയിനും ബൈക്കും പായുന്നതിലുമൊക്കെയായി കുരുങ്ങി നിന്നു ചിലരെല്ലാം. നടന്മാരിലും ന്യൂ ജെൻ താരങ്ങളെ അത്രയൊന്നും കണ്ടില്ല. കേട്ടു പരിചയിച്ച പഴയകാല ഡയലോഗുകളായിരുന്നു ഏറെയും. താരങ്ങളെയല്ല, അവരെ അനുകരിക്കുന്ന മിമിക്രി താരങ്ങളെ കണ്ടാണ് പലരും അനുകരണം പരിശീലിച്ചിരിക്കുന്നതെന്നു വ്യക്തമാകുന്നതായിരുന്നു പല പ്രകടനങ്ങളും. ഈ മിമിക്രിക്കിതെന്തുപറ്റി എന്നു ചോദിച്ചുപോയി പല പ്രകടനങ്ങൾക്കുമൊടുവിൽ.

17 പേർ മത്സരിച്ചതിൽ അഞ്ചു പേർക്കാണ് എ ഗ്രേഡ് കിട്ടിയത്. ആൺപെൺ ഭേദമില്ലാതെ മത്സരിക്കുന്നതുകൊണ്ടു പെൺകുട്ടികൾ പിന്തള്ളപ്പെടുമെന്ന വാദത്തിൽ കഴമ്പില്ലെന്നും മിമിക്രിയിൽ ഞെട്ടിക്കുന്ന പ്രകടനങ്ങളാണു പെൺകുട്ടികൾ നടത്തുന്നതെന്നും എച്ച്എസ്, എച്ച്എസ്എസ് മിമിക്രി മത്സരങ്ങളുടെ വിധികർത്താക്കളിൽ ഒരാളായിരുന്ന ആലപ്പി അഷ്റഫ് പറഞ്ഞു.



കൊല്ലത്തു നടന്ന മലയാള മനോരമ - ഐബിഎസ് - യുവ മാസ്റ്റർമൈൻഡ് ഗ്രാൻഡ് ഫിനാലെ കോളജ് വിഭാഗം സ്പെഷൽ അവാർഡ് നേടിയ തൃശൂർ വിദ്യ അക്കാദമി ഓഫ് സയൻസ് ആൻഡ് ടെക്നോളജി ടീം. കേന്ദ്രമന്ത്രി അൽഫോൺസ് കണ്ണന്താനത്തോടൊപ്പം. ജൂറി ചെയർമാൻ ജി.വിജയരാഘവൻ, മലയാള മനോരമ ഡപ്യൂട്ടി എഡിറ്ററും ഡയറക്ടറുമായ ജയന്ത് മാമ്മൻ മാത്യു, അമൽജ്യോതി എൻജിനീയറിങ് കോളജ് പ്രിൻസിപ്പൽ സെഡ്.വി. ളാകാപറമ്പിൽ എന്നിവർ സമീപം

ചിത്രം: മനോരമ

യുവ മാസ്റ്റർ മൈൻഡ് പ്രദർശനത്തിൽ തൃശൂർ ജ്യോതി എൻജിനീയറിങ് കോളജ് ടീം.

രാമവർമപുരം ഗവ. വയോജന മന്ദിരത്തിലെ അംഗങ്ങൾ കലോത്സവം കാണാൻ എത്തിയപ്പോൾ.

കലോത്സവം കാണാൻ അവരെത്തി

തൃശൂർ ● യുവജനക്ഷേമ ബോർഡ് തൃശൂർ കോർപറേഷൻ യൂത്ത് സെന്റർ ഇന്നലെ കലോത്സവത്തിന്റെ പ്രധാന വേദിയായ നീർമാതളത്തിലെ കലാപരിപാടികൾ കാണാൻ രാമവർമപുരം ഗവ. വയോജന മന്ദിരത്തിലെ അംഗങ്ങൾക്ക് അവസരമൊരുക്കി. രാവിലെ പത്തോടെ എത്തിയ 16 അംഗ സംഘത്തെ മന്ത്രി വി.എസ്.സുനിൽകുമാർ, കെ.രാജൻ എംഎൽഎ, കോർപറേഷൻ ക്ഷേമകാര്യ സ്ഥിരം സമിതി അധ്യക്ഷൻ ഫ്രാൻസിസ് ചാലിശേരി, യുവജനക്ഷേമ ബോർഡ് മെംബർ അഫ്സൽ കുഞ്ഞുമോൻ, ജില്ലാ കോഓർഡിനേറ്റർ ഒ.എസ്.സുബീഷ്, വൃദ്ധസദനം സൂപ്രണ്ട് പ്രതാപൻ, കോർപറേഷൻ കോഓർഡിനേറ്റർ ടി.എസ്.സന്തോഷ് തുടങ്ങിയവരുടെ നേതൃത്വത്തിൽ സ്വീകരിച്ചു.

മലയാള മനോരമ - ഐബിഎസ് - യുവ മാസ്റ്റർമൈൻഡ് ഗ്രാൻഡ് ഫിനാലെ കോളജ് വിഭാഗം മൂന്നാം സ്ഥാനം നേടിയ തൃശൂർ സെന്റ് മേരീസ് കോളജ് ടീം. കേന്ദ്രമന്ത്രി അൽഫോൺസ് കണ്ണന്താനത്തോടൊപ്പം. ജൂറി ചെയർമാൻ ജി.വിജയരാഘവൻ, മലയാള മനോരമ ഡപ്യൂട്ടി എഡിറ്ററും ഡയറക്ടറുമായ ജയന്ത് മാമ്മൻ മാത്യു, ഐബിഎസ് ഫൗണ്ടറും എക്സിക്യൂട്ടീവ് ചെയർമാനുമായ വി.കെ. മാത്യൂസ്, അമൽജ്യോതി എൻജിനീയറിങ് കോളജ് പ്രിൻസിപ്പൽ സെഡ്.വി. ളാകാപറമ്പിൽ എന്നിവർ സമീപം.

ചിത്രം: മനോരമ

യുവ മാസ്റ്റർ മൈൻഡ് പ്രദർശനത്തിൽ തൃശൂർ റോയൽ കോളജ് ഓഫ് എൻജിനീയറിങ് ആൻഡ് ടെക്നോളജി കോളജ് ടീം.

യുവ മാസ്റ്റർ മൈൻഡ് പ്രദർശനത്തിൽ തൃശൂർ വിദ്യ അക്കാദമി ഓഫ് സയൻസ് ആൻഡ് ടെക്നോളജി ടീം.

അച്ഛന്റെ ശിക്ഷണം; മിമിക്രിയിൽ 'ഹാട്രിക്' നേട്ടവുമായി ബിൻഷ

തൃശൂർ ● മിമിക്രിയിൽ കഴിഞ്ഞ രണ്ടു വർഷങ്ങളിലെ ഒന്നാം സ്ഥാനക്കാരിക്ക് ഇത്തവണയും സദസിന്റെ നിറഞ്ഞ കയ്യടിയും എ ഗ്രേഡും. ഹൈസ്കൂൾ വിഭാഗം മിമിക്രിയിൽ മലപ്പുറം പൂക്കരത്തറ ഡിഎച്ച്ഒ എച്ച്എസ്എസിലെ പത്താംക്ലാസ് വിദ്യാർഥി ബിൻഷ അഷ്റഫ് ആണു തുടർച്ചയായി മൂന്നാം തവണയും എ ഗ്രേഡ് നേടുന്നത്.

സംസ്ഥാന കലോത്സവത്തിൽ കഴിഞ്ഞ രണ്ടു വർഷം പെൺകുട്ടികളുടെ മിമിക്രിയിൽ ഒന്നാം സ്ഥാനക്കാരിയായിരുന്നു. അച്ഛൻ കലാഭവൻ അഷ്റഫ് തന്നെയാണു ബിൻഷയെ പരിശീലിപ്പിക്കുന്നത്. മിമിക്രിയിൽ ഈ വർഷം മുതൽ ആൺ-പെൺ ഭേദമില്ലാതെ മത്സരമായതോടെ കടുത്ത വെല്ലുവിളിയായിരുന്നുവെന്ന് അഷ്റഫ് പറയുന്നു. എങ്കിലും ജില്ലാ കലോത്സവത്തിൽ 16 ആൺകുട്ടികളെ മറികടന്നാണു ബിൻഷ മലപ്പുറത്തു നിന്നെത്തിയിരിക്കുന്നത്.

മിമിക്രി മത്സരം ആൺ- പെൺ തിരിച്ചു നടത്തണമെന്ന് ആവശ്യപ്പെട്ടു ഹൈക്കോടതിയിൽനിന്ന് അഷ്റഫ് വിധി സമ്പാദിച്ചുവെങ്കിലും അപ്പോഴേക്കും ഉപജില്ലാ കലോത്സവങ്ങൾ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഒറ്റ ഇനമായി നടത്തിക്കഴിഞ്ഞിരുന്നു. അടുത്ത വർഷം മുതൽ മത്സരം വേർതിരിച്ചു നടത്തുമെന്ന് ഉറപ്പു കിട്ടിയതായും അഷ്റഫ് പറഞ്ഞു.